നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തമ്പാനൂരിൽ മേൽപറഞ്ഞ സൗകര്യങ്ങളോടുകൂടിയ ടെർമിനൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. യുടെ വിവിധ ബസ് സ്റ്റേഷനുകളിൽ "ബി.ഒ.റ്റി" സ്കീമിൽ ഉൾപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. നവീകരണത്തിന്റെ ഭാഗമായി എല്ലാ ഡിപ്പോകളേയും ചീഫ് ഓഫീസുമായി ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ നെറ്റ് വർക്ക് ആരംഭിക്കുന്നതാണ്. കൂടാതെ വർക്ക്ഷോപ്പുകളിൽ ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുവാനും ഉദ്ദേശ്യമുണ്ട്.

70 (388) നാഗർകോവിൽ വർക്കല ബസ് സർവ്വീസ്

<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗർകോവിൽ നിന്നും വർക്കലയ്ക്ക് ദീർഘകാലമായി തമിഴ്നാട് സർക്കാർ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന രണ്ടു ബസ്സുകൾ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് സർവ്വീസ് നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ നിർദ്ദേശം നൽകാനുള്ള കാരണം വിശദമാക്കുമോ;

(ബി) ഈ സർവ്വീസുകൾ പുനരാരംഭിക്കാൻ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനുപകരമായി കെ.എസ്.ആർ.ടി.സി. മുഖേന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വ്യവസായ കേന്ദ്രങ്ങളായ വർക്കല, പൊൻമുടി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26.8.92-ലെ 13649/എം.3/92/പി.ഡബ്ല്യൂ. ആന്റ്.ടി. എന്ന ഉത്തരവു പ്രകാരം 1989-ലെ കേരള-തമിഴ്നാട് അന്തർ സംസ്ഥാന കരാർ റദ്ദു ചെയ്യുകയുണ്ടായി. നാഗർകോവിൽ-വർക്കല സർവ്വീസ് പ്രസ്തുത കരാറിൽപ്പെട്ടതാണ്. തൻമൂലം തമിഴ്നാട് സർക്കാരിന് ഈ സർവ്വീസ് നടത്തുവാൻ കഴിയുകയില്ല.

(ബി) 1989 -ലെ അന്തർ സംസ്ഥാന കരാർ ഇപ്പോൾ നിലവിലില്ലാത്തതിനാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാൻ കഴിയുകയില്ല.

(സി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സർവ്വീസ് ആരംഭിക്കുവാൻ നിവൃത്തിയില്ല.

(ഡി) ദേശസാൽകൃത മേഖലയിലെ സർവ്വീസുകൾക്കും, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കുമാണ് കെ.എസ്.ആർ.ടി.സി. മുൻഗണന നൽകുന്നത്. പൊൻമുടിയിലേയ്ക്ക് ഇപ്പോൾ തന്നെ ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നുണ്ട്. ബസ്സുകളുടെ അപര്യാപ്തതമൂലം വർക്കലയിൽ നിന്നും പൊൻമുടിയിലേയ്ക്ക് സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly